LIBRARY ARCHIVES Kerala Legislative Assembly

ഫയർ സ്റ്റേഷൻ അനുവദിച്ചുകൊണ്ട് നൽകിയ ഉത്തരവ്

40 [851] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട്ടിൽ ഫയർ സ്റ്റേഷൻ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെല്ലാം തുടർനടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഫയർ സ്റ്റേഷൻ എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) സൗജന്യമായി സ്ഥലവും കെട്ടിടവും മറ്റു സൗകര്യങ്ങളും ലഭ്യമാക്കി, മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ ഫണ്ടും ലഭ്യമായാൽ ഫയർ സ്റ്റേഷൻ ആരംഭിക്കാവുന്നതാണ്.

ഫയർ ആന്റ് റെസ്ക്യൂ സർവീസസിന്റെ നവീകരണം

41 [852] ശ്രീ. പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ ആന്റ് റെസ്ക്യൂ സർവീസസിന്റെ നവീകരണത്തിനുവേണ്ടി ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) വളരെ ഉയരമുള്ള കെട്ടിട സമുച്ചയങ്ങളിലും അഗാധവും ഇടുങ്ങിയതുമായ ഗർത്തങ്ങളിലും അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ ഇപ്പോൾ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ ഇവ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഫയർ ആന്റ് റെസ്ക്യൂ സർവീസസിൽ വനിതകൾക്ക് പ്രവേശനം നൽകുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോയെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഫയർ ആന്റ് റെസ്ക്യൂ സർവീസ് നവീകരിക്കുന്നതിന്റെ ഭാഗമായി 2002-2003 സാമ്പത്തിക വർഷം 7,42,29,000 രൂപയുടേയും 2003-2004 വർഷം 8 കോടി രൂപയുടേയും 2004-2005 സാമ്പത്തിക വർഷം നാളിതുവരെ 2,26,00,000 രൂപയുടേയും അഗ്നിശമന സുരക്ഷാ ഉപകരണങ്ങളും, വാഹനങ്ങളും വാങ്ങിയിട്ടുണ്ട്. വകുപ്പ് വിപുലീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് കൂടുതൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുവാൻ പദ്ധതിയിട്ടിട്ടുണ്ട്.

(ബി) ഇല്ല. നടപ്പു സാമ്പത്തിക വർഷം ആയതിനുള്ള ഉപകരണങ്ങളായ സ്കൈലിഫ്റ്റ്, ഹൈഡ്രോളിക് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഇത്തരം ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസിലുണ്ടായ തീപിടുത്തം

42 [853] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാര്യവട്ടം കാമ്പസിൽ പ്രവർത്തിച്ചുവരുന്ന കേരള സർവകലാശാല ബയോ ടെക്നോളജി വകുപ്പ് പ്രവർത്തിക്കുന്ന കെട്ടിടത്തിൽ ഉണ്ടായ തീപിടുത്തത്തെക്കുറിച്ച് സംസ്ഥാന പോലീസ് നടത്തിയ അന്വേഷണം പൂർത്തിയായോ;

(ബി) ലാബിലുണ്ടായ തീപിടുത്തത്തിൽ എത്ര രൂപയുടെ നാശനഷ്ടം സംഭവിച്ചുവെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ട് ഇതുവരെ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ഡി) ഇതിൻമേൽ പോലീസ് അന്വേഷണം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്. ഏകദേശം 25 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly